**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5036** **01-11-2021 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വികസന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | **Shri. K. Rajan**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വികസന പ്രവർത്തനങ്ങൾക്കായി സർക്കാർ അധീനതയിലുള്ള പുറമ്പോക്ക് ഭൂമി ആവശ്യപ്പെട്ടുമ്പോൾ അവ വിട്ടു നല്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കുവാൻ വർഷങ്ങൾ എടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വികസന പ്രവർത്തനങ്ങൾക്കായി സർക്കാർ അധീനതയിലുള്ള പുറമ്പോക്ക് ഭൂമി ആവശ്യപ്പെട്ടുമ്പോൾ അവ വിട്ടു നല്കുന്നതിനുള്ള നിയമപരമായ നടപടിക്രമങ്ങൾ പൂർത്തിയാക്കുവാൻ ചെറിയ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് എങ്കിലും സമയബന്ധിതമായി നടപടികൾ പൂർത്തിയാക്കുവാൻ പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്. |
| (ബി) | തിരുവനന്തപുരം ജില്ലയിൽ അത്തരത്തിൽ ഭൂമി ആവശ്യപ്പെട്ടിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏതെല്ലാമെന്നും ഏതെല്ലാം പദ്ധതികൾക്ക് വേണ്ടിയാണെന്നും വ്യക്തമാക്കാമോ? | (ബി) | തിരുവനന്തപുരം ജില്ലയിൽ അത്തരത്തിൽ ഭൂമി ആവശ്യപ്പെട്ടിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

| ക്രമ നം. | താലൂക്ക് | തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര് | പദ്ധതിയുടെ വിവരങ്ങൾ |
|---|---|---|---|
| 1 | നെയ്യാറ്റിൻകര | പെരുങ്കടവിള ഗ്രാമപഞ്ചായത്ത് | LPBS ന് പ്രവേശന കവാട നിർമ്മാണം ടേക്ക് എ ബ്രേക്ക് പദ്ധതി |
| 2 | നെയ്യാറ്റിൻകര | പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് | ടേക്ക് എ ബ്രേക്ക് പദ്ധതി |
| 3 | നെയ്യാറ്റിൻകര | കരുംകുളം ഗ്രാമപഞ്ചായത്ത് | അംഗൻവാടി നിർമ്മാണം |
| 4 | നെയ്യാറ്റിൻകര | പൂവാർ ഗ്രാമപഞ്ചായത്ത് | അംഗൻവാടി നിർമ്മാണം |
| 5 | കാട്ടാക്കട | പൂവച്ചൽ ഗ്രാമപഞ്ചായത്ത് | പബ്ലിക് മാർക്കറ്റ് |
| 6 | ചിറയിൻകീഴ് | പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത് | അംഗൻവാടി നിർമ്മാണം |
| 7 | ചിറയിൻകീഴ് | മുദാക്കൽ ഗ്രാമപഞ്ചായത്ത് | അംഗൻവാടി നിർമ്മാണം |
| 8 | നെടുമങ്ങാട് | ആനാട് ഗ്രാമപഞ്ചായത്ത് | പഞ്ചായത്തു വികസനം |
| 9 | നെടുമങ്ങാട് | വിതുര ഗ്രാമപഞ്ചായത്ത് | അംഗൻവാടി നിർമ്മാണം |
| 10 | നെടുമങ്ങാട് | ഉഴമലയ്ക്കൽ ഗ്രാമപഞ്ചായത്ത് | മങ്ങാട്ട് പാറ ടൂറിസം പദ്ധതി |
| 11 | വർക്കല | ന.ാവായിക്കുളം ഗ്രാമപഞ്ചായത്ത് | അംഗൻവാടി നിർമ്മാണം |
| 12 | വർക്കല | ഒറ്റൂർ ഗ്രാമപഞ്ചായത്ത് | ടേക്ക് എ ബ്രേക്ക് പദ്ധതി |
| 13 | വർക്കല | ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത് | ടേക്ക് എ ബ്രേക്ക് പദ്ധതി |
| 14 | വർക്കല | പള്ളിക്കൽ ഗ്രാമപഞ്ചായത്ത് | ടേക്ക് എ ബ്രേക്ക് പദ്ധതി |
| 15 | വർക്കല | ഇലകമൺ ഗ്രാമപഞ്ചായത്ത് | ആരോഗ്യ കേന്ദ്രം |